# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2382 18.06.2014 - ൽ മറുപടിയ്ക്ക്

### മെഡിക്കൽ കോളേജുകളിലും ആരോഗ്യവകുപ്പിനു കീഴിലുള്ള ആശുപത്രികളിലുമുള്ള ഒഴിവുകൾ

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ. | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) മെഡിക്കൽ കോളേജുകളിലും ആരോഗ്യവകുപ്പിനു കീഴിലുള്ള ആശുപത്രികളിലും ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുകൾ, അറ്റൻഡർമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ തുടങ്ങിയ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് പറയാമോ; | (എ) ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുകൾ, അറ്റൻഡർമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.<br>1. അസിസ്റ്റന്റ് സർജൻ - 116<br>2. സിവിൽ സർജൻ - 39<br>3. സ്പെഷ്യാലിറ്റി കേഡർ - 425<br>4. അഡ് മിനിസ്ട്രേറ്റീവ് കേഡർ - 3<br>5. സ്റ്റാഫ് നഴ്സ് ഗ്രേഡ് - 1 - 294<br>6. സ്റ്റാഫ് നഴ്സ് ഗ്രേഡ് - 2 - 356<br>7. ഹെഡ് നഴ്സ് - 90<br>8. ഫാർമസിസ്റ്റ് ഗ്രേഡ് - 1 - 51<br>9. നഴ്സിംഗ് അസിസ്റ്റന്റ് - 127<br>10. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്- 2 - 843<br>11. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് -1 - 196<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള കൊളീജിയേറ്റ് ആശുപത്രികളിൽ 369 ഡോക്ടർമാരുടെയും, 808 സ്റ്റാഫ് നഴ്സുമാരുടെയും ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫാർമസിസ്റ്റ്, അറ്റന്റർ, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ സംബന്ധിക്കുന്ന വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) ഈ ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകി അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വീസിൽ പി.ജി. ബിരുദ ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് |

| | |
|---|---|
| | ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സിവിൽ സർജൻ, കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ് എന്നീ തസ്തികകളിലെ ഒഴിവുകളും നികത്തുന്നതാണ്. എൻട്രി കേഡർ തസ്തികകളിൽ പി.എസ്.സി. വഴിയും, മറ്റ് തസ്തികകളിൽ പ്രമോഷൻ വഴിയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) മഴക്കാലമായതോടെ പകർച്ച വ്യാധികൾ വ്യാപകമാകാൻ സാധ്യതയുണ്ടെന്ന് ആരോഗ്യ വകുപ്പുതന്നെ മുന്നറിയിപ്പ് നൽകുമ്പോഴും ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള വരുടെ കുറവുകൾ നികത്തുവാൻ കാലതാമസമുണ്ടാകുന്നതിനുള്ള കാരണങ്ങൾ പറയുമോ; | (സി) സംസ്ഥാനത്ത് പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഡോക്ടർമാരെയും, പാരാമെഡിക്കൽ ജീവനക്കാരെയും അധികമായി എല്ലാ ജില്ലകളിലും താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. ആവശ്യാനുസരണം ഇവരെ മാറ്റി നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) പി.എസ്.സി ലിസ്റ്റ് നിലവിലില്ലെങ്കിൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴിയെങ്കിലും അടിയന്തിരമായി ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) അസിസ്റ്റന്റ് സർജൻമാരുടെ പി.എസ്.സി ലിസ്റ്റ് നിലവിലുള്ളതിനാൽ പി.എസ്.സി. യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകി ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പി. എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഒഴിവുകൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കാറുണ്ട്. അടിയന്തിരമായി നികത്തേണ്ട ഒഴിവുകൾ കരാർ അടിസ്ഥാനത്തിലും നികത്താറുണ്ട്. |

സെക്ഷൻ ഓഫീസർ